"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്-ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്-കൊട്ടിയം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹെഡ് ക്ലാർക്ക് ശ്രീ.ആർ .അനിൽകുമാറിനെതിരായ അച്ചടക്ക നടപടി- അപ്പീൽ ഹർജി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(എഫ്)വകുപ്പ്**

സ.ഉ.(സാധാ) നം.783/2024/LBR　　തീയതി,തിരുവനന്തപുരം, 22-07-2024

---

പരാമർശം:-

1. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 26.05.2023 ലെ ഡി3-1847/2022/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.
2. കൊട്ടിയം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹെഡ് ക്ലാർക്ക് ശ്രീ.ആർ.അനിൽകുമാർ സമർപ്പിച്ച 03.07.2023 തീയതിയിലുള്ള അപ്പീൽ ഹർജി.
3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 18.08.2023, 03.10.2023 എന്നീ തീയതികളിലെ ഡി3-2939/2023/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ കൊട്ടിയം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹെഡ് ക്ലാർക്ക് ശ്രീ.ആർ.അനിൽകുമാറിനെതിരായി വകുപ്പ് തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടികൾ ടി ജീവനക്കാരന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞ് കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (1) ലെ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.ആർ അനിൽകുമാർ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി. മൈലം ഇ.സ്.ഐ ഡിസ്പെൻസറിയിലെ അച്ചടക്ക ലംഘനവുമായി ബന്ധപ്പെട്ട് കുറ്റാരോപിതയായ ആക്സിലറി നഴ്സ് & മിഡ് വൈഫുമായി ചേർന്ന് പ്രോസിക്യൂഷൻ സാക്ഷിയെ സ്വാധീനിയ്ക്കാൻ ശ്രമിച്ചു എന്നു ആരോപിച്ചു കൊണ്ടും ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ അപേക്ഷകൻ വർഷങ്ങൾക്ക് മുമ്പ് ശിക്ഷ അനുഭവിച്ചിട്ടുള്ള ആളാണെന്നും കണക്കിലെടുത്താണ് ശിക്ഷ വിധിയ്ക്കേണ്ടതെന്ന് പരാമർശിച്ചിട്ടുണ്ടെന്നും അതും ഇപ്പോൾ ആരോപിച്ചിരിക്കുന്ന കുറ്റവുമായി ഒരു ബന്ധവും ഇല്ല എന്നും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 ൽ പറഞ്ഞിരിയ്ക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിയ്ക്കാതെ ആരോപിയ്ക്കപ്പെട്ട ചെറിയ കുറ്റത്തിന് നൽകിയ കടുത്ത ശിക്ഷ അന്യായവും നീതിയ്ക്ക് നിരക്കാത്തതും ആണെന്നും ആയതിനാൽ ടി വ്യക്തിയ്ക്കെതിരായി ആരംഭിച്ച അച്ചടക്കനടപടികൾ തീർപ്പാക്കി കൊണ്ട് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്യണമെന്നാണ്

ശ്രീ.അനിൽകുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യം.

3) ശ്രീ.ആർ.അനിൽകുമാറിനെതിരായി ചുവടെ പറയുന്ന 2 കുറ്റങ്ങൾ ചുമത്തിയാണ് കുറ്റപത്രം നൽകിയത്.

i) ശ്രീ.അനിൽകുമാർ കൊട്ടിയം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലി ചെയ്തു വരവേ മൈലം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ആക്സിലറി നഴ്സ് & മിഡ് വൈഫ് ശ്രീമതി.ഉഷ കുമാരിയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിലെ വാദി ഭാഗം സാക്ഷിയെ ഭീഷണിപ്പെടുത്തുകയും മൊഴി മാറ്റത്തിന് പ്രേരിപ്പിക്കുകയും ചെയ്യുക വഴി സർക്കാരിനെതിരെ പ്രവർത്തിച്ചിരിക്കുന്നതിനാൽ ഗുരുതര അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

ii) വകുപ്പ് തല അന്വേഷണത്തെ അട്ടിമറിയ്ക്കുക എന്ന ഉദ്ദേശത്തോടെ കുറ്റാരോപിതയായ ശ്രീമതി.ഉഷാകുമാരിയുമായി ചേർന്ന് ഗൂഢാലോചന നടത്തുകയും സാക്ഷികളെ സ്വാധീനിയ്ക്കാൻ ശ്രമിയ്ക്കുകയും ചെയ്യുക വഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട ലംഘനം നടത്തിയിരിക്കുന്നു.

4) മൈലം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ആക്സിലറി നഴ്സ് & മിഡ് വൈഫിനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിലെ പ്രോസിക്യൂഷൻ സാക്ഷിയെ ശ്രീ.ആർ അനിൽകുമാർ സ്വാധീനിയ്ക്കാൻ ശ്രമിച്ചു എന്ന വസ്തുത 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അന്വേഷണത്തിന് ശേഷം ശരിയെന്ന് തെളിഞ്ഞതിനെ തുടർന്നാണ് ടി വ്യക്തിയെ ശിക്ഷിക്കുകയുണ്ടായതെന്നും പ്രതിവാദ പത്രികയിലോ ഔപചാരിക അന്വേഷണ സമയത്തോ ടി വസ്തുത അപേക്ഷൻ നിഷേധിക്കുകയുണ്ടായില്ല എന്നും സർക്കാർ നിർദ്ദേശാനുസരണം സ്വീകരിച്ച അച്ചടക്ക നടപടികളിലെ പ്രോസിക്യൂഷൻ സാക്ഷിയെ സ്വാധീനിയ്ക്കാൻ ശ്രമിച്ചു എന്നാൽ സർക്കാർ നടപടികളെ അട്ടിമറിയ്ക്കാൻ ശ്രമിച്ചു എന്നു തന്നെയാണെന്നും ഇപ്രകാരം ജീവനക്കാർ അച്ചടക്കനടപടികളിന്മേൽ അനാവശ്യമായി ഇടപെടാൻ തുടങ്ങിയാൽ അത് തെറ്റായ കീഴ് വഴക്കമാകും എന്നുള്ളതിനാൽ കൂടിയാണ് അപേക്ഷകനെതിരെ മാതൃകാപരമായ കഠിന ശിക്ഷ തീരുമാനിക്കുകയുണ്ടായതെന്നും പരാമർശം 3 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) മുമ്പ് ശിക്ഷ അനുഭവിച്ചിട്ടുള്ള ആളായതിനാൽ അതുംകൂടി കണക്കിലെടുത്താണ് ശിക്ഷ വിധിയ്ക്കേണ്ടതെന്ന് അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന അപേക്ഷകന്റെ അപ്പീൽ ഹർജിയിലെ പരാമർശം തെറ്റാണെന്നും അന്വേഷണ റിപ്പോർട്ടിലോ കാരണം കാണിയ്ക്കൽ നോട്ടീസിലോ അന്തിമ ശിക്ഷാ നടപടി ഉത്തരവിലോ അങ്ങനെയൊരു പരാമർശം ഇല്ലായെന്നും അപേക്ഷകനെതിരായുള്ള മുൻകാല അച്ചടക്കനടപടികളുടെ വിവരം കുറ്റപത്രത്തിൽ ഒരിനമായി രേഖപ്പെടുത്തിയിട്ടില്ല എന്നും ആയതിനാൽ തന്നെ revised memo നൽകി വിശദീകരണം കേൾക്കണമായിരുന്ന അപേക്ഷകന്റെ വാദഗതി ചട്ടപ്രകാരം തെറ്റാണെന്നും ആയതിനാൽ ഭരണഘടനാപരമായി നിലനിൽക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് നൽകിയ ശിക്ഷ നിലനിൽക്കുന്നതാണെന്നും അപേക്ഷകന് നൽകിയ ശിക്ഷ ന്യായവും വകുപ്പിലെ മറ്റ് ജീവനക്കാർക്ക് സർക്കാർ നടപടിക്രമങ്ങളിൽ അനാവശ്യമായി ഇടപെട്ട്

ഗൂഢാലോചനകൾ നടത്തുന്നതിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള അനിവാര്യമായ നടപടിയായും പരിഗണിച്ച് ശ്രീ.ആർ.അനിൽകുമാർ സമർപ്പിച്ച അപ്പീലിലെ ആവശ്യം പരിഗണനാർഹമല്ല എന്നും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ പരാമർശം **3** പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**6)**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊട്ടിയം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹെഡ് ക്ലാർക്ക് ശ്രീ.ആർ.അനിൽകുമാറിനെതിരെ **1960** ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം പരാമർശം **1** പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി നടപടിക്രമം പൂർണമായി പാലിച്ചുകൊണ്ടാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ടിയാന് നൽകിയ ശിക്ഷ ന്യായമാണെന്നും കണ്ടെത്തിയതിനാൽ ആയത് അംഗീകരിച്ചും അപ്പീൽ അപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ,ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ആർ.അനിൽകുമാർ, ഹെഡ് ക്ലാർക്ക്, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
സെക്ഷൻ ഓഫീസർ
Date: 25-07-2024 12:49:14

പകർപ്പ്:ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്